ആലുവ പുളിഞ്ചോട് ഹോട്ടൽ ആക്രമിച്ച് ഉടമയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ നാല് പേർ അറസ്റ്റിൽ. എടത്തല മുരിങ്ങാശേരി വീട്ടിൽ സിയാദ് (37), തൃക്കാക്കര വടകോട് കുറുപ്ര ഭാഗത്ത് നിന്നും ഇപ്പോൾ കൊടികുത്തിമലയിൽ താമസിക്കുന്ന കളപ്പുരക്കൽ വീട്ടിൽ ഷാഹുൽ(35), നൊച്ചിമ എൻ.എ്.ഡി ചാലയിൽ വീട്ടിൽ സുനീർ (23), തൃക്കാക്കര ഞാലകം തിണ്ടിക്കൽ വീട്ടിൽ സനൂപ് (32) എന്നിവരെയാണ് ആലുവ പോലീസ് അറസ്റ്റ് ചെയ്തത്..ടർക്കിഷ് മന്തി എന്ന ഹോട്ടലിലാണ് സംഭവം. ഭക്ഷണത്തിന് പണം ചോദിച്ച വൈരാഗ്യത്തിൽ സംഘം ഹോട്ടലുടമയുമായി തർക്കിച്ച് പണം കൊടുക്കാതെ പോവുകയും കുറച്ചു സമയത്തിന് ശേഷം തിരികെ വന്ന് ആക്രമണം നടത്തുകയുമായിരുന്നു.